**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4236** **06-03-2023 - ൽ മറുപടിയ്ക്ക്**

**എണ്ണപ്പാടം-അണപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ നിയോജക മണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രസ്തുത കാലയളവിലെ മലമ്പുഴ എം.എൽ.എ. ശിപാർശ ചെയ്ത എണ്ണപ്പാടം-അണപ്പാറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മലമ്പുഴ നിയോജക മണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രസ്തുത കാലയളവിലെ മലമ്പുഴ എം.എൽ.എ ശിപാർശ ചെയ്ത എണ്ണപ്പാടം അണപ്പാറ റോഡ് നിർമ്മാണം പദ്ധതിക്കായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും KLU (KERALA LAND UTILIZATION) അനുമതിക്കായി അപേക്ഷിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി 90 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഭരണാനുമതിയുടെ പകർപ്പ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

113/DA1

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 – മലമ്പുഴ നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള 3 പ്രവൃത്തികൾ - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.916/2017/തസ്വഭവ തിരുവനന്തപുരം, തീയതി :28.03.2017.**

---

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) ശ്രീ.വി.എസ്.അച്യുതാനന്ദൻ, എം.എൽ.എയുടെ 3/12/2016 ലെ കത്ത്

(3) 09.03.2017 ലെ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി3-2258/17/സി.ഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (2) പ്രകാരം മലമ്പുഴ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.വി.എസ്.അച്യുതാനന്ദൻ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന മൂന്ന് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ 160 ലക്ഷം രൂപയ്ക്ക് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത്/ പഞ്ചായത്ത് | അടങ്കൽ തുക (രൂപ) |
|---|---|---|---|
| 1 | ഓലശ്ശേരി - പുളയപ്പാടം റോഡ് നിർമ്മാണം | കൊടുമ്പ് | 50 ലക്ഷം |
| 2 | എണ്ണപ്പാടം അണപ്പാറ റോഡ് നിർമ്മാണം | എലപ്പുള്ളി | 90 ലക്ഷം |
| 3 | മലമ്പുഴ ബസ് സ്റ്റാൻഡ് പാത്ത് വേ നിർമ്മാണം | മലമ്പുഴ | 20 ലക്ഷം |
| | **ആകെ തുക** | | **160 ലക്ഷം രൂപ** |

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മലമ്പുഴ നിയോജകമണ്ഡലത്തിൽ പ്രതിനിധീകരിക്കുന്ന ശ്രീ.വി.എസ്.അച്യുതാനന്ദൻ, എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ പറഞ്ഞ 3 പ്രവർത്തികൾക്ക് ആകെ അടങ്കൽ തുകയായ **160 ലക്ഷം രൂപ** അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്നും മലമ്പുഴ ബസ് സ്റ്റാൻഡ് പാത്ത് വേ നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള NOC വാങ്ങേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു

3)ഇതു സംബന്ധിച്ച ചെലവ് **'4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി- എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

ശ്രീ.വി.എസ്.അച്യുതാനന്ദൻ, എം.എൽ.എ ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി
സെക്രട്ടറി, മലമ്പുഴ ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, എലപ്പുള്ളി ഗ്രാമപഞ്ചായത്ത്
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം.1057455(7)/എൻ.സി.സി.2/2016/ധനകാര്യ തീയതി 23.3.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

Forwarded / By Order
Saradadevi
Section Officer